# എ.കെ പാർട്ടി മാനിഫെസ്റ്റോ
# ദീർഘകാല പദ്ധതികൾക്ക് പ്രാമുഖ്യം

**വരുന്ന** ജൂൺ 12-ന് നടക്കുന്ന തുർക്കി പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന 18 രാഷ്ട്രീയ കക്ഷികൾ തങ്ങളുടെ സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. സ്ഥാനാർഥികളുടെ ലിസ്റ്റ് ഇലക്ഷൻ കമീഷന് കൈമാറിയിട്ടുണ്ട്. ഇടത് ചായ്‌വുള്ള റിപ്പബ്ലിക്കൻ പാർട്ടി 'അർഗാൻ കൂൻ' എന്ന ഭീകര സംഘവുമായി ബന്ധമുള്ള ചിലരെ സ്ഥാനാർഥികളാക്കിയത് വിവാദമായിട്ടുണ്ട്.

തെരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിച്ചുകൊണ്ട് എ.കെ പാർട്ടി നേതാവും പ്രധാനമന്ത്രിയുമായ ഉർദുഗാൻ നടത്തിയ പ്രസ്താവനയിൽ, തന്റെ പാർട്ടി ദീർഘകാല പദ്ധതികളാണ് ലക്ഷ്യം വെക്കുന്നതെന്ന് വ്യക്തമാക്കി. രാജ്യത്ത് പുരോഗമനാത്മകമായ ജനാധിപത്യ സംവിധാനം സാക്ഷാത്കരിക്കുക, ശക്തമായ സമൂഹത്തിന് ഭദ്രമായ സാമ്പത്തിക ഘടന, മലിനീകരണം തടഞ്ഞ് പരിസ്ഥിതി സംരക്ഷണം, ലോകത്തും മേഖലയിലും തുർക്കിയെ നേതൃതലത്തിലേക്കുയർത്തുക എന്നീ നാല് മുഖ്യ വിഷയങ്ങളിലാണ് ഊന്നൽ.

ദാരിദ്ര്യത്തിന്റെ തോത് പത്ത് ശതമാനത്തിലേക്ക് കുറച്ചുകൊണ്ട് വരുമെന്ന് പ്രകടനപത്രിക വാഗ്ദാനം ചെയ്യുന്നു. ഇപ്പോഴത് പതിനേഴ് ശതമാനമാണ്. ആശുപത്രികളുടെ എണ്ണം വർധിപ്പിക്കും. ഡോക്ടർമാരുടെ എണ്ണം ഇപ്പോഴുള്ളതിന്റെ ഇരട്ടിയാക്കും. പതിനൊന്ന് ശതമാനത്തിലെത്തി നിൽക്കുന്ന തൊഴിലില്ലായ്മ ഇല്ലാതാക്കും. കയറ്റുമതി 500 ബില്യൻ ഡോളറായി വർധിപ്പിക്കും. വിദേശസഞ്ചാരികളുടെ എണ്ണം 50



■ ഉർദുഗാൻ

മില്യനാക്കി ഉയർത്താൻ ശ്രമിക്കും.

പുതിയൊരു ഭരണഘടനയും എ.കെ പാർട്ടി വാഗ്ദാനം ചെയ്യുന്നുണ്ട്. ഇസ്തംബൂളിൽ പുതുതായി രണ്ട് നഗരങ്ങളും നിർമിക്കും. ഒന്ന്, യൂറോപ്യൻ ഭൂഖണ്ഡത്തിൽ പെടുന്ന മേഖലയിലും മറ്റേത് ഏഷ്യൻ ഭൂഖണ്ഡത്തിൽ പെടുന്ന മേഖലയിലും. അമ്പത് ശതമാനത്തിലധികം വോട്ട് നേടി എ.കെ പാർട്ടി അധികാരത്തിലേറുമോ എന്ന ഭീതിയിലാണ് എല്ലാ പ്രതിപക്ഷ കക്ഷികളും. അസ്തിത്വ ഭീഷണി നേരിടുന്ന പല പരമ്പരാഗത പാർട്ടികളും ലയനത്തിലൂടെ പത്ത് ശതമാനം വോട്ടെങ്കിലും ഉറപ്പാക്കാനുള്ള ശ്രമത്തിലാണ്. പത്ത് ശതമാനം വോട്ട് കിട്ടിയാലേ പാർലമെന്റിൽ പ്രാതിനിധ്യമുണ്ടാവൂ. ഈയിടെ അന്തരിച്ച നജ്മുദ്ദീൻ അർബകാന്റെ പാർട്ടിക്ക് പത്ത് ശതമാനം വോട്ട് നേടാനാകില്ലെന്നും അതിനാൽ പാർലമെന്റ് പ്രവേശം സാധ്യമാകില്ലെന്നുമാണ് രാഷ്ട്രീയ നിരീക്ഷകരുടെ നിഗമനം.

# ഇസ്‌ലാമിക കലാലയങ്ങളിലെ വിദ്യാർഥികളെ റഷ്യയും നിരീക്ഷിക്കുന്നു

**താജികിസ്താന്റെ** മാതൃക പിന്തുടർന്ന്, വിദേശത്തെ ഇസ്‌ലാമിക കലാലയങ്ങളിൽ പഠിക്കുന്ന റഷ്യൻ വിദ്യാർഥികളുടെ ചലനങ്ങൾ നിരീക്ഷിക്കുമെന്ന് റഷ്യൻ ഉപപ്രധാനമന്ത്രി അലക്സാണ്ടർ ക്ലോപോനിൻ വ്യക്തമാക്കി. ഗൾഫ് നാടുകളിലും പാകിസ്താനിലും പഠിക്കുന്ന വിദ്യാർഥികളെയാണ് പ്രത്യേകമായി നിരീക്ഷിക്കുക. "വിദ്യാർഥികളോട് വിദേശങ്ങളിൽ പഠിക്കാൻ പോകരുത് എന്ന് പറയാൻ ഞങ്ങൾക്ക് നിവൃത്തിയില്ല. പിന്നെ ചെയ്യാനാവുക അഞ്ചു വർഷം ഗൾഫ് നാടുകളിലും പാകിസ്താനിലും പഠനം പൂർത്തിയാക്കിയെത്തിയവരെ നിരീക്ഷിക്കുക എന്നതാണ്. ഇസ്‌ലാമിക നാടുകളിലെ ജീവിതവും മതേതര റഷ്യയിലെ ജീവിതവും തമ്മിൽ വലിയ അന്തരമുണ്ടല്ലോ"-ഉപപ്രധാനമന്ത്രി തന്റെ നിലപാട് വിശദീകരിച്ചു. ഉസ്ബെകിസ്താൻ നേരത്തെ ഈജിപ്തിലെ അൽ അസ്ഹറിൽ പഠിക്കുന്ന നൂറിലധികം ഉസ്ബെക് വിദ്യാർഥികളെ പിൻവലിച്ചിരുന്നു. 'തീവ്ര സലഫി ചിന്താധാരകളിലേക്ക് അവർ ആകർഷിക്കപ്പെട്ടേക്കാം' എന്നാണ് കാരണമായി പറഞ്ഞത്. ഇസ്‌ലാമിക ജീവിതരീതിയുടെയും സംസ്കാരത്തിന്റെയും വ്യാപനം തടയുക എന്നതാണ് ഇസ്‌ലാംഭീതി പരത്തിക്കൊണ്ട് ഈ ഭരണകൂടങ്ങൾ ലക്ഷ്യം വെക്കുന്നത്.

അബൂ സ്വാലിഹ

# ഫൈസൽ മൗലവി അന്തരിച്ചു

**പ്രമുഖ** ഇസ്‌ലാമിക പണ്ഡിതനും പ്രബോധകനും ലബനാനിലെ ഇസ്‌ലാമിക പ്രസ്ഥാനമായ അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യയുടെ മുൻ ജനറൽ സെക്രട്ടറിയുമായ ഫൈസൽ മൗലവി അന്തരിച്ചു. അറബ്‌ലോകത്തും യൂറോപ്പിലും, അദ്ദേഹവും യൂസുഫുൽ ഖറദാവിയെപ്പോലുള്ള സമാനമനസ്കരായ പണ്ഡിതന്മാരും മുൻകൈയെടുത്ത് സ്ഥാപിച്ച നിരവധി വൈജ്ഞാനിക -സേവന കേന്ദ്രങ്ങളുണ്ട്. ലബനാൻ രാഷ്ട്രീയത്തിലും ഏറെക്കാലം അദ്ദേഹം സജീവ സാന്നിധ്യമായിരുന്നു.

ലബനാനിലെ ത്വറാബുലുസിൽ 1941 -ലാണ് ഫൈസൽ മൗലവിയുടെ ജനനം. ലബനാൻ സർവകലാശാലയിലെ നിയമപഠനത്തിന് ശേഷം ദമസ്കസ് സർവകലാശാലയിൽനിന്ന് ഇസ്‌ലാമിക നിയമത്തിൽ ബിരുദം നേടി. പാരീസിലെ സോർബോൺ യൂനിവേഴ്സിറ്റിയിൽ നിന്ന് നിയമത്തിൽ ഡിപ്ലോമ നേടിയിട്ടുണ്ട്. ഏറ്റവും മികച്ച ഇസ്‌ലാമിക പ്രഭാഷകനുള്ള 'വമി' അവാർഡ് ലഭിച്ചിട്ടുണ്ട്.

1968-ൽ ലബനാനിലെ ശരീഅത്ത് കോടതിയിൽ ജഡ്ജിയായി നിയമിതനായി. റാശിയ, ത്വറാബുലുസ്, ബൈറൂത്ത് എന്നിവിടങ്ങളിൽ ജഡ്ജിയായി സേവനം ചെയ്തിട്ടുണ്ട്. 1988-ൽ ബൈറൂത്തിലെ ശരീഅത്ത് കോർട്ടിൽ ഉപദേഷ്ടാവായി. 1996-ൽ രാജിവെക്കുന്നത് വരെ ഈ പദവിയിൽ തുടർന്നു.



1980 മുതൽ 1985 വരെയാണ് ഫൈസൽ മൗലവി യൂറോപ്പിൽ കഴിച്ചുകൂട്ടിയത്. ഈ കാലയളവിലാണ് അദ്ദേഹം പാരീസിൽ ഇസ്‌ലാമിക് അസോസിയേഷനും ഇസ്‌ലാമിക പഠനങ്ങൾക്കായി യൂറോപ്യൻ കോളേജും സ്ഥാപിക്കുന്നത്. 1986 മുതൽ മരിക്കുന്നതുവരെ ഫ്രാൻസിലെ മുസ്‌ലിം ഐക്യവേദിയുടെ ഉപദേഷ്ടാവായിരുന്നു. യൂറോപ്പിലെ ഏതാണ്ടെല്ലാ ഇസ്‌ലാമിക സെന്ററുകളുമായും അടുത്ത ബന്ധം പുലർത്തുകയും അവക്ക് മാർഗനിർദേശം നൽകുകയും ചെയ്തിരുന്നു. 1977-ൽ യൂറോപ്യൻ മുസ്‌ലിംകൾക്ക് മാർഗനിർദേശം നൽകുന്നതിന് വേണ്ടി യൂസുഫുൽ ഖറദാവിയുടെ നേതൃത്വത്തിൽ ഡബ്ലിൻ ആസ്ഥാനമാക്കി യൂറോപ്യൻ കൗൺസിൽ ഫോർ ഫത്‌വ ആന്റ് റിസർച്ച് നിലവിൽ വന്നപ്പോൾ അതിന്റെ വൈസ് പ്രസിഡന്റായിരുന്നു ഫൈസൽ മൗലവി. 1990 മുതൽ 1994 വരെ, താൻ സ്ഥാപിച്ച ഇസ്‌ലാമിക പഠനങ്ങൾക്കായുള്ള യൂറോപ്യൻ കോളേജിന്റെ മേധാവിയായും പ്രവർത്തിച്ചു.

ലബനാനിന്റെ മത സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ 1955 മുതലേ അദ്ദേഹത്തിന്റെ സജീവ സാന്നിധ്യമുണ്ട്. ലബനാനിലെ ഇബാദുർറഹ്മാൻ എന്ന സംഘത്തിന്റെ ജനറൽ സെക്രട്ടറിയായിരുന്നിട്ടുണ്ട്. 1992 -ൽ ഡോ. ഫതഹിയകൻ സ്ഥാനമൊഴിഞ്ഞപ്പോൾ ഇസ്‌ലാമിക പ്രസ്ഥാനമായ അൽ ജമാഅയുടെ സെക്രട്ടറി ജനറലായി തെരഞ്ഞെടുക്കപ്പെട്ടു. അനാരോഗ്യം കാരണം 2009-ലാണ് ഈ പദവി ഒഴിഞ്ഞത്.

പ്രാഥമിക തലത്തിലെയും സെക്കന്ററി തലത്തിലെയും വിദ്യാർഥികൾക്ക് വേണ്ടി ഇസ്‌ലാമിക ശിക്ഷണം എന്ന വിഷയത്തിൽ അദ്ദേഹം നിരവധി പുസ്തകങ്ങൾ തയാറാക്കുകയുണ്ടായി. പലിശയും ബാങ്കുകളും, അടിമത്തത്തോട് ഇസ്‌ലാമിന്റെ സമീപനം, അനന്തരാവകാശ നിയമങ്ങൾ, മുസ്‌ലിം-അമുസ്‌ലിം ബന്ധങ്ങളുടെ ഇസ്‌ലാമിക മാനം, ഇൻഷുറൻസ്, ആദമിന്റെ പ്രവാചകത്വം, ഇസ്‌ലാമിലെ സ്ത്രീ തുടങ്ങിയ വിഷയങ്ങളിലാണ് അദ്ദേഹത്തിന്റെ മറ്റു രചനകൾ. ■

# ഇസ്രയേൽ തടവിലിട്ടത് ഏഴര ലക്ഷം പേരെ

**1967** മുതൽ ഇസ്രയേൽ ഭരണകൂടം ഏഴര ലക്ഷം പേരെ പലപ്പോഴായി തടവുകാരാക്കിയിട്ടുണ്ടെന്ന് പഠന റിപ്പോർട്ട്. ഗവേഷകനും ദീർഘകാലം ഇസ്രയേൽ ജയിലിൽ തടവുകാരനുമായിരുന്ന അബ്ദുന്നാസിർ ഫറാവിന തയാറാക്കിയ റിപ്പോർട്ടിലാണ് ഈ വിവരം. തടവുകാരാക്കപ്പെട്ടവരിൽ പന്ത്രണ്ടായിരം പേർ സ്ത്രീകളാണ്; കുട്ടികളുടെ എണ്ണം പതിനായിരത്തിലധികവും. ഫലസ്ത്വീൻ 'തടവ് ദിന'മായി ആചരിക്കുന്ന ഏപ്രിൽ 17 -ന് റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് നൽകി ഫറാവിന പറഞ്ഞു: "ഒരാളെങ്കിലും തടവുകാരനാക്കപ്പെടാത്ത ഒരൊറ്റ ഫലസ്ത്വീനീ കുടുംബവും ഇല്ലെന്നതാണ് സത്യം. പലതവണ തടവിലാക്കപ്പെട്ടവരും കൂട്ടത്തിലുണ്ട്. ജയിലോ ഡിറ്റൻഷൻ ക്യാമ്പുകളോ ഇല്ലാത്ത ഒരൊറ്റ ഫലസ്ത്വീനീ പ്രദേശവും ഇല്ല."



2000 സെപ്റ്റംബറിലെ അഖ്സാ ഇൻതിഫാദയോടനുബന്ധിച്ച് മാത്രം എഴുപതിനായിരം പേരാണ് ജയിലിലാക്കപ്പെട്ടത്. അതിൽ എണ്ണായിരം പേർ കുട്ടികളായിരുന്നു. ഫലസ്ത്വീൻ പാർലമെന്റ് അംഗങ്ങളെയും മന്ത്രിമാരെയുമൊക്കെ ഇസ്രയേൽ തടവിലിട്ടിരുന്നു.